
ഓം ഹരിശ്രീ ഗണപതയെ നമഃ

# അദ്ധ്യായം - 1



പ്രണാമങ്ങൾ – ഗോതമ്പ് പൊടിക്കലും അതിന്റെ താത്വികമായ പ്രാധാന്യവും.

പ്രാചീനവും  ആദരണീയവുമായ കീഴ്വഴക്കമനുസരിച്ച് സകല ദേവന്മാർക്കും പ്രണാമം അർപ്പിച്ചുകൊണ്ടാണ് ഹേമദ് പാന്ത് സായി സച്ചരിതം എഴുതുവാൻ തുടങ്ങുന്നത്.

1. ആദ്യമായി വിഘ്നവിനാശകനായ ശ്രീ ഗണപതിയോട് യാതൊരു തടസ്സവുമില്ലാതെ സായി സച്ചരിതം പൂർത്തിയാക്കി തരുവാനും ബാബ തന്നെ ശ്രീ ഗണേശ്വരനാണെന്ന വിശ്വാസത്തോടെ ഈ പുസ്തകം ഒരു വിജയമാക്കി തരുവാനും പ്രാർത്ഥിക്കുന്നു.

2. പിന്നീട് വാഗ്ദേവതയായ ശ്രീ സരസ്വതീ ദേവിയോട് ഈ പുണ്യചരിതം എഴുതുവാനുള്ള പ്രചോദനം തരുവാനായി പ്രാർത്ഥിക്കുകയും ബാബ തന്നെ ദേവിയാണെന്നും ബാബയുടെ ജീവചരിത്രം ബാബ തന്നെ ഈ ഗ്രന്ഥത്തിലൂടെ വിവരിക്കുക

യാണെന്നും പറയുന്നു.

3. പിന്നീട് സൃഷ്ടി, സ്ഥിതി, സംഹാര ദേവതകളായ ബ്രഹ്മാ, വിഷ്ണു, മഹേശ്വരന്മാരെ സ്തുതിക്കുകയും ബാബ തന്നെ ഈ ദേവൻമാർക്ക് താദാത്മികത്വമുള്ള സദ്ഗുരുവാണെന്നും സംസാര സാഗരം കടക്കുവാൻ ബാബ സഹായിക്കും എന്നും പറയുന്നു.

4. പിന്നീട് പരശുരാമനാൽ വീണ്ടെടുക്കപ്പെട്ടതായ കൊങ്കണ ദേശത്തുള്ള ആദിപുരുഷൻ എന്ന് വിശ്വസിച്ചു വരുന്ന ദേവനായ ആദിനാരായണനെയും നമിക്കുന്നു.

5. അതിന്നുശേഷം ഹേമദ്പാന്തിന്റെ ഗോത്രനാഥനായ ഭരദ്വാജ മുനിയേയും മറ്റു ഋഷികളായ യാജ്ഞവല്ക്യൻ, ഭൃഗു, പരാശരൻ, നാരദൻ, വേദവ്യാസൻ, സനകൻ, സനന്ദൻ, സനൽകുമാർ, ശുകൻ, ശൗനകൻ, വിശ്വാമിത്രൻ, വസിഷഠൻ, വാല്മീകി, വാമദേവൻ, ജൈമിനി, വൈശമ്പായനൻ, നവയോഗീന്ദ്രൻ മുതലായവരേയും ആധുനിക ഋഷികളായ നിവൃത്തി, ജ്ഞാനദേവൻ, സോപൻ മുക്താബായ്, ജനാർദ്ദനൻ, ഏകനാഥ്, നാമദേവ്, തുക്കാറാം, കണ്ണ, നരഹരി മുതലായവരേയും നമസ്കരിക്കുന്നു.

6. അനന്തരം പിതാമഹനായ സദാശിവനേയും, പിതാവായ രഘുനാഥനേയും തന്റെ ചെറുപ്രായത്തിൽ തന്നെ മരിച്ചു പോയ അമ്മയേയും പിന്നീട് വളർത്തിക്കൊണ്ടുവന്ന പിതൃസഹോദരിയേയും, തന്നെ വളരെ സ്നേഹിച്ച ജ്യേഷ്ഠനേയും നമസ്കരിക്കുന്നു.

7. തദനന്തരം അത്യന്തം ഭക്തിയോടും ശ്രദ്ധയോടും കൂടി ഈ ഗ്രന്ഥം വായിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് വായനക്കാരേയും നമസ്കരിക്കുന്നു.

8. അവസാനമായി ദത്താത്രേയ അവതാരവും, ബ്രഹ്മ സത്യം ജഗൻ മിഥ്യ എന്നു മനസ്സിലാക്കിതന്ന സമർത്ഥ സദ്ഗുരു ശ്രീ സായിനാഥിനേയും ദൈവചൈതന്യമുള്ള എല്ലാ ജീവജാലങ്ങളെയും നമസ്കരിക്കുന്നു

പരാശരൻ, വ്യാസൻ, ശാന്തില്യൻ മുതലായവർ വിവരിച്ച ഭക്തിമാർഗ്ഗങ്ങളെ ചുരുക്കിപ്പറഞ്ഞ് ഗ്രന്ഥകർത്താവ് താഴെ കാണിച്ച കഥ പറയുന്നു.

1910 നുശേഷം ഒരു സുപ്രഭാതത്തിൽ സായിബാബയുടെ ദർശനത്തിനുവേണ്ടി ഞാൻ ഷിർദ്ദിയിലെ മസ്ജിദിൽ ചെന്നു. അവിടെ ഞാൻ കണ്ടകാര്യം അത്ഭുതാവഹമായിരുന്നു. സായി ബാബ വായും മുഖവും കഴുകി ഗോതമ്പ് പൊടിക്കുവാൻ തയ്യാറെടുക്കുകയായിരുന്നു. ബാബ നിലത്തൊരു ചാക്ക് വിരിച്ച് അതിന്മേലൊരു തിരിക്കല്ല് വെച്ച് കുറച്ച് ഗോതമ്പ് ഒരു മുറത്തിലെടുത്ത് കഫ്നിയുടെ കയ്യ് ചുരുട്ടികയറ്റി തിരിക്കല്ലിന്റെ കുറ്റി പിടിച്ച് തിരിച്ചുകൊണ്ട് കുറച്ച് ഗോതമ്പ് തിരിക്കല്ലിലിട്ട് പൊടിക്കുവാൻ തുടങ്ങി. ഞാൻ ഇതുകണ്ട് 'ഈ ഭിക്ഷാംദേഹിയായ, യാതൊരു ധനവുമില്ലാത്ത, യാതൊന്നും സൂക്ഷിച്ചുവെയ്ക്കാത്ത ബാബക്ക് ഗോതമ്പു പൊടിക്കേണ്ട കാര്യമെന്താണ്? എന്നാലോചിച്ചു. അവിടെ കൂടിയുരുന്ന മറ്റു പലരും അങ്ങിനെയാലോചിച്ചുരുന്നുവെങ്കിലും ബാബയോടതിനെപ്പറ്റി ചോദിക്കാനാർക്കും ധൈര്യമുണ്ടായില്ല. അല്പ സമയത്തിനുള്ളിൽ, ബാബ ഗോതമ്പു പൊടിക്കുന്നു. എന്ന വർത്തമാനം ഗ്രാമം മുഴുവൻ പറഞ്ഞറിയുകയും സ്ത്രീ - പുരുഷ ഭേദമെന്യേ ആബാലവൃദ്ധം ജനങ്ങൾ ഈ കാഴ്ച കാണാനവിടെ തടിച്ചുകൂടുകയും ചെയ്തു. അതിൽ ധൈര്യശാലിനികളായ നാലു സ്ത്രീകൾ മുന്നോട്ടു കയറിവന്ന് ബാബയെ പിടിച്ചുമാറ്റി തിരിക്കല്ലിന്റെ കുറ്റി പിടിച്ചു. ബാബയുടെ ലീലകളെപ്പറ്റി പാടിക്കൊണ്ട് പൊടിക്കാൻ തുടങ്ങി. തുടക്കത്തിൽ

ബാബക്ക് ദേഷ്യം വന്നുവെങ്കിലും പ്രസ്തുത സ്ത്രീകളുടെ ഭക്തിയും സ്നേഹവും കണ്ട് ബാബ സന്തുഷ്ടനായി പുഞ്ചിരിക്കാൻ തുടങ്ങി. ആ സ്ത്രീകളങ്ങനെ പൊടിച്ചുകൊണ്ടിരിക്കെ, ബാബക്ക് വീടോ ധനമോ ഇല്ലെന്നും, കുട്ടികളെയോ മറ്റോ നോക്കാനില്ലെന്നും, ഭിക്ഷയെടുത്ത് ജീവിക്കലാണെന്നും മറ്റും അവർ ചിന്തിച്ചു. ഈ ഗോതമ്പുപൊടി ബാബക്ക് ചപ്പാത്തിയോ റൊട്ടിയോ ഉണ്ടാക്കാനാവശ്യമില്ല. ഇത്രയധികം മാവുകൊണ്ട് എന്ത് ചെയ്യാനാണ്? ഒരു പക്ഷേ ദയാലുവായ ബാബ ഈ മാവ് നമുക്ക് തരുമായിരിക്കാം. എന്നാലോചിച്ചും പാട്ട് തുടർന്ന് പാടിക്കൊണ്ടും അവർ മുഴുവൻ ഗോതമ്പും പൊടിക്കുകയും തിരികല്ല് മാറ്റിവച്ച് ഗോതമ്പുപൊടി നാലായി വീതിച്ച് ഓരോരുത്തർ ഓരോ വീതമെടുത്ത് സ്ഥലം വിടാൻ തുടങ്ങുകയും ചെയ്തു. അതുവരെ ശാന്തനായി നോക്കിക്കൊണ്ടിരുന്ന ബാബക്ക് ദ്വേഷ്യം വരുകയും സത്രീകളോട് 'നിങ്ങൾക്ക് ഭ്രാന്തുണ്ടോ? നിങ്ങളുടെ പിതാവിന്റെ സ്വത്താണോ കൊള്ളയടിക്കുന്നത്. ഞാൻ നിങ്ങളോട് വല്ല ഗോതമ്പും കടം വാങ്ങിയിട്ടുണ്ടോ നിങ്ങളിങ്ങനെ എടുത്തുകൊണ്ടുപോകാൻ? ആട്ടെ! ഒരു കാര്യം ചെയ്യൂ ഈ ഗോതമ്പുപൊടിയെടുത്ത് ഗ്രാമാതിർത്തിയിൽ കൊണ്ടുപോയി വിതറിക്കൊള്ളുവിൻ' എന്നു നിർദ്ദേശിക്കുകയും ചെയ്തു. സ്ത്രീകൾ ഇതുകേട്ട് വിഡ്ഢികളാവുകയും തമ്മിൽ പിറുപിറുത്തുകൊണ്ട് ബാബയുടെ കല്പനക്കനുസരിച്ച് ഗ്രാമാതിർത്തിയിൽ കൊണ്ടുപോയി വിതറുകയും ചെയ്തു.

ഇത് കണ്ട്, എന്താണ് ബാബ ചെയ്തത്? എന്ന് ഞാൻ ഷിർദ്ദിക്കാരോട് അന്വേഷിച്ചു. അപ്പോൾ അവർ ഗ്രാമത്തിൽ കോളറ പടർന്നു പിടിക്കുന്നുണ്ടെന്നും അത് നിയന്ത്രിക്കാനുള്ള ബാബയുടെ പ്രതിവിധി ഇപ്രകാരമാണെന്നും പറഞ്ഞു. ബാബ പൊടിച്ചത് ഗോതമ്പു മണികളല്ല, കോളറയെത്ത

ന്നെയാണ്. അതാണ് ഗ്രാമാതിർത്തിക്കു പുറമെ കൊണ്ടുപോയി കളയുവാൻ നിർദ്ദേശിച്ചത്. അന്നുമുതൽ ഗ്രാമത്തിൽ കോളറ ശമിക്കുകയും ജനങ്ങൾ സന്തുഷ്ഠരാവുകയും ചെയ്തു. ഞാനി തറിഞ്ഞ് സന്തുഷ്ഠനായെങ്കിലും എന്റെ ജിജ്ഞാസ വർദ്ധി ക്കുകയാണ് ചെയ്തത്. ഞാൻ ഇപ്രാകാരം ആലോചിച്ചു. കോള റയും ഗോതമ്പുമാവും തമ്മിലെന്താണ് ബന്ധം? ഇതൊരു അവർണ്ണനീയമായ സംഭവമാണ് ഇതിനെപ്പറ്റി എന്തെങ്കിലുമെഴു തണം. ബാബയുടെ ലീലയോർത്ത് മനസാ സന്തുഷ്ടനാകുന്നു. ഇപ്രകാരം ആലോചിച്ചുകൊണ്ട് ഞാൻ ആനന്ദവാനായി. ആ പ്രചോദനം കൊണ്ട് എഴുതുന്നതാണ് ഈ 'സച്ചരിതം'.

അങ്ങനെ ബാബയുടെ അനുഗ്രഹാശിസ്സുകളെക്കൊണ്ട് ഈ പുസ്തകം വിജയപ്രദമായെന്നു നമുക്കറിയാം.

## ഗോതമ്പ് പൊടിക്കുന്നതിന്റെ താത്വിക പ്രാധാന്യം

ഷിർദ്ദിക്കാർ ഗോതമ്പുപൊടിക്കുന്നതിനു കൊടുത്ത അർത്ഥത്തിന് പുറമെ അതിനു താത്വികമായ ഒരു പ്രാധാന്യ വും കൂടിയുണ്ട്. സായിബാബ ഷിർദ്ദിയിൽ 60 കൊല്ലത്തോളം താമസിച്ച കാലമത്രയും ഒരുവിധം എല്ലാ ദിവസങ്ങളിലും തിരി ക്കല്ലുകൊണ്ട് പൊടിക്കുക പതിവായിരുന്നു. അത് ഗോതമ്പു മാത്രമായിരുന്നില്ല. ഭക്തന്മാരുടെ പാപഭാരങ്ങളും, മാനസികവും, ശാരീരികവുമായ കഷ്ടതകളുമൊക്കെയായിരുന്നു പൊടിച്ചിരു ന്നത്. തിരിക്കല്ലിന്റെ രണ്ടു കല്ലുകൾ ശക്തിയും, കർമ്മവുമാണ്. കർമ്മം താഴെയും ശക്തി മുകളിലും. ബാബ പിടിച്ചു തിരിച്ചി രുന്ന കുറ്റിയാണ് ജ്ഞാനം. ജ്ഞാനവും ബ്രഹ്മജ്ഞാനവും വളർത്തിയെടുക്കാൻ, വിട്ടുപോവാത്ത മട്ടിലുള്ള വികാരങ്ങളെയും ആഗ്രഹങ്ങളെയും പാപങ്ങളെയും സത്വരജഃ തമോ

ഗുണങ്ങളേയും അഹങ്കാരത്തെയും പൊടിച്ചു പൊടിച്ചു കളഞ്ഞാൽ മാത്രമെ സാദ്ധ്യമാവൂ എന്നത് ബാബയുടെ ഉറച്ച അഭിപ്രായമായിരുന്നു.

ഇത് കബീറിന്റെ മറ്റൊരു കഥ ഓർമിപ്പിക്കുന്നു. ഒരു സ്ത്രീ ഗോതമ്പു പൊടിക്കുന്നതു കണ്ടപ്പോൾ കബീർ ഗുരു നിപതിരഞ്ജനോട് പറഞ്ഞു- “ഞാൻ കരയുന്നത് ലൗകികത്തിൽ ഞാൻ ഈ തിരിക്കല്ലിൽ ധാന്യം പൊടിക്കുന്നതുപോലെ അരയ്ക്കപ്പെടുന്ന വേദനകൊണ്ടാണ്” നിപതിരഞ്ജനൻ പറഞ്ഞു ‘ഭയപ്പെടേണ്ട, ഈ തിരിക്കല്ലിന്റെ പിടിയാകുന്ന ജ്ഞാനത്തെ ഞാൻ ചെയ്യുന്നതുപോലെ മുറുക്കി പിടിച്ചോളൂ. എന്നിട്ട് ദൂരെയൊന്നും പോവേണ്ട അതിന്റെ മദ്ധ്യത്തെ നോക്കി തിരിച്ചോളൂ. നിന്നെ തീർച്ചയായും രക്ഷപ്പെടുത്തും.”

ശ്രീസായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ.